## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53 | 29.11.2018-ലെ മറുപടിയ്ക്ക്

**<u>കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ**<br>**,, ആർ. രാജേഷ്**<br>**,, കാരാട്ട് റസാഖ്**<br>**,, സജി ചെറിയാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക വിനോദ രംഗത്ത് സംസ്ഥാനത്തിന്റെ പെരുമ ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ) | കായിക വിനോദ രംഗത്ത് സംസ്ഥാനത്തിന്റെ പെരുമ ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**<u>1) ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഫുട്ബോൾ കളിനിലവാരം ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയ്ക്കായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>2) **<u>ട്രിവാൻട്രം മാരത്തോൺ പദ്ധതി,</u>**<br>കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിക്കുന്ന സ്പോർട്സ് കേരള മാരത്തോണിന്റെ ആദ്യത്തെ പതിപ്പ് 2018 ഡിസംബർ 1-ാം തീയതി തിരുവനന്തപുരത്ത് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിൽ ദേശീയ, അന്തർദേശീയ |

| | | | |
|---|---|---|---|
| | | | കായികതാരങ്ങൾ ഉൾപ്പെടെ പങ്കെടുക്കുന്നതാണ്. പ്രളയാനന്തര ദുരിതാശ്വാസ/ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി ധനസമാഹരണം ലക്ഷ്യമാക്കിയുള്ള ഈ വർഷത്തെ മത്സരത്തിന്റെ എൻട്രി ഫീ തുക ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മുതൽക്കൂട്ടുന്നതാണ്. സാലറി ചലഞ്ചിൽ പങ്കെടുക്കുന്ന മുഴുവൻ പേർക്കും പ്രവേശനഫീസില്ലാതെ ഇതിൽ പങ്കെടുക്കാവുന്നതാണ്. വിവര പൊതുജന സമ്പർക്ക വകുപ്പ് വഴിയുള്ള പ്രചരണത്തിന് മാത്രമായി സർക്കാർ ധനവിനിയോഗമുള്ള ഈ പരിപാടിയുടെ നടത്തിപ്പ ചെലവുകൾ, സമ്മാനതുകകൾ തുടങ്ങിയവയെല്ലാം സ്പോൺസർഷിപ്പ് വഴി സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>യുവജനങ്ങളടക്കമുള്ള വിവിധ വിഭാഗം ജനങ്ങളെ സജീവ ജീവിത ശൈലിയിലേക്കും കായിക വിനോദങ്ങളിലേക്കും ആകർഷിക്കുകവഴി ആരോഗ്യകരമായ ജീവിതനിലവാരം പ്രധാനം ചെയ്യുക എന്ന സർക്കാർ നയത്തിന് അനുയോജ്യമായ പരിപാടികളും മാരത്തോണിനോടൊപ്പം നടത്തുന്നതാണ്. 2 കി.മീ ദൂരം പിന്നിടേണ്ട ഫാമിലി ഫൺ റൺ, 10 കീ.മി ദൂരം പിന്നിടേണ്ട റോഡ് റേസ്, 21.09 കീ.മി ദൂരം പിന്നിടേണ്ട ഹാഫ് മാരത്തോൺ 42.19 കി.മീ ദൂരം പിന്നിടേണ്ട ഫുൾ മാരത്തോൺ എന്നിവയാണ് ഡിസംബർ 1-ന് അരങ്ങേറുന്ന വർണ്ണശബളമായ പരിപാടിയിൽ ഉൾപ്പെടുന്നത്.<br>**3) പ്ലേ ഫോർ ഹെൽത്ത്.**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പ വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം |

തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

**4) എലൈറ്റ് സ്കീം**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലെ കായികതാരങ്ങൾക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 57 സ്റ്റേഡിയങ്ങളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയഅന്തർദേശീയ മത്സരങ്ങൾക്ക് കേരള വേദിയാവുകയും ചെയ്യുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും

| | | | |
|---|---|---|---|
| | | | സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തികൾ നടന്നുവരുന്നു.<br>കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br>ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ മികച്ച വിജയം കൈവരിച്ച കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും സർക്കാർ ജോലിയും നൽകുന്നുണ്ട്. |
| (ബി) | കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (ബി) | കായിക രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | കായികതാരങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കി കഴിവുള്ളവരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; മികവു തെളിയിക്കുന്ന കായിക താരങ്ങൾക്ക് | (സി) | ദേശീയ/അന്തർ ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് അർഹമായ ക്യാഷ് അവാർഡ് നൽകുന്നുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് |

| | | | |
|---|---|---|---|
| | അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കുമോ? | | നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ഒഡീഷ്യയിലെ ഭുവനേശ്വരിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 1500 മീറ്ററിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു.ചിത്രയ്ക്ക് തുടർ പരിശീലന ചിലവിലേയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500/-രൂപയും, മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ.എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. കൂടാതെ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5000,3000, 1500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം |

| | | | |
|---|---|---|---|
| | | | സി.കെ.രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.<br>വർഷന്തോറും 50 മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്.<br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങൾ, കേരളത്തെ പ്രതിനിധാനം ചെയ്ത ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ, കൗൺസിൽ ജീവനക്കാർ പരിശീലകർ, ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുൾപ്പെടുന്ന കായിക താരങ്ങൾ എന്നിവർക്ക് മെഡിക്കൽ ഇൻഷുറൻസ് (Accident Insurance ഉൾപ്പെടെ) സ്കീം നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ Expression of Interest ക്ഷണിക്കുകയുണ്ടായി. പ്രസ്തുത സ്കീം നടപ്പാക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്വീകരിച്ചു വരുന്നു.<br>2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ , കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടിയ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ |

| | | | |
|---|---|---|---|
| | | | കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും, റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കിഫ്ബി സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 57 പദ്ധതികളുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി കൈവരിച്ച ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബിയിൽ സമർപ്പിച്ച തുക | കിഫ്ബി അംഗീകരിച്ച തുക | സാങ്കേതികാനുമതി ലഭിച്ച തുക | അടങ്കൽ തുക | കരാർ തുക | പ്രവർത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|---|
| **പ്രവർത്തി തുടങ്ങിയ പദ്ധതികൾ (7 എണ്ണം)** | | | | | | | | |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (7 എണ്ണം) | | | | | | | | |
| 1 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | 20.55 | 17.04 | 17.02 | 10.13 | 9.61 | നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു |
| 2 | വയനാട് ജില്ലാ സ്റ്റേഡിയം | 18.73 | 18.67 | 18.67 | 18.62 | 13.64 | 13.15 | |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 | 6.82 | 6.82 | 6.82 | 6.47 | 5.78 | |
| 4 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. | | 8.87 | 8.87 | 8.85 | 3.57 | 3.18 | |
| 5 | കൊടുമൺ സ്റ്റേഡിയം | 15.86 | 15.82 | 14.10 | 14.07 | 7.58 | 7.31 | |
| 6 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | 5.26 | 5.49 | 5.49 | 3.94 | 3.67 | |
| 7 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | 5.39 | 5.34 | 5.34 | 5.33 | 5.06 | |
| **വർക്ക് നൽകിയവയിൽ നിർമ്മാണോദ്ഘാടനം നടത്താനുള്ളവ (5 എണ്ണം)** | | | | | | | | |
| ജില്ലാ സ്റ്റേഡിയം (1 എണ്ണം) | | | | | | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 58.44 | 34.26 | 34.25 | 29.79 | 28.7 | പദ്ധതി ക്രെസന്റ് കൺസ്ട്രക്ഷൻസിന് നൽകിയിട്ടുണ്ട് |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (4 എണ്ണം) | | | | | | | | |
| 1 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | 17.24 | 18.30 | 18.30 | 12.58 | 12.30 | പദ്ധതി ശ്രീ. ഷക്കീറിന് നൽകിയിട്ടുണ്ട് |
| 2 | പീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | 7.88 | 5.75 | 5.39 | 3.94 | 3.82 | പദ്ധതി ങ/െ. സ്ക്വയർ അസ്സോസിയേറ്റ്സിന് നൽകിയിട്ടുണ്ട് |
| 3 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | 13.05 | 13.05 | 13.04 | 6.8 | 6.62 | പദ്ധതി യംപീ ലക്ഷ്മണൻ & കമ്പനിക്ക് നൽകിയിട്ടുണ്ട് |
| 4 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | 10.4 | 9.58 | 9.57 | 9.56 | 9.34 | പദ്ധതി ങ/െ. സിറ്റ്കോ അസ്സോസിയേറ്റ്സിന് നൽകിയിട്ടുണ്ട് |
| **വർക്ക് നൽകുവാനുള്ളത് (3 എണ്ണം)** | | | | | | | | |
| ജില്ലാ സ്റ്റേഡിയം (1 എണ്ണം) | | | | | | | | |
| 1 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 70.56 | 56.01 | 50.19 | 42.25 | 46.47 | റീ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയ കോൺട്രാക്ടർ അടങ്കൽ തുകയെക്കാൾ 5% കൂടുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൽ വർക്ക് ഓർഡർ നൽകുന്നതിന് കിഫ്ബിയുടെ അംഗീകാരം ആവശ്യമാണ് |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (2 എണ്ണം) | | | | | | | | |
| 1 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 6.43 | 4.97 | 4.97 | 4.96 | 5.16 | റീ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയ കോൺട്രാക്ടർ അടങ്കൽ തുകയെക്കാൾ 4% കൂടുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൽ വർക്ക് ഓർഡർ നൽകുന്നതിന് കിഫ്ബിയുടെ അംഗീകാരം ആവശ്യമാണ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | താനൂർ സ്റ്റേഡിയം | 19.14 | 10.58 | 10.07 | 10.07 | 9.4 | 9.87 | റീ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയ കോൺട്രാക്ടർ അടങ്കൽ തുകയെക്കാൾ 5% കൂടുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൽ വർക്ക് ഓർഡർ നൽകുന്നതിന് കിഫ്ബിയുടെ അംഗീകാരം ആവശ്യമാണ് |
| **റീ ടെണ്ടർ ചെയ്ത പദ്ധതികൾ (4 എണ്ണം)** | | | | | | | | |
| **ജില്ലാ സ്റ്റേഡിയം (1 എണ്ണം)** | | | | | | | | |
| 1 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.98 | 36.88 | 36.87 | 33.75 | | റീ ടെണ്ടർ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | | | | | | |
| 1 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | 8.62 | 8.62 | 8.61 | 3.92 | | ടെണ്ടർ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 2 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | 11.31 | 10.64 | 10.63 | 5.64 | | റീ ടെണ്ടർ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |
| 3 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | 14.95 | 5.54 | 5.54 | 4.77 | | റീ ടെണ്ടർ പ്രവർത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |
| **സാങ്കേതിക അനുമതി ലഭിച്ച പദ്ധതികൾ(6 എണ്ണം)** | | | | | | | | |
| **ജില്ലാ സ്റ്റേഡിയം (1 എണ്ണം)** | | | | | | | | |
| 1 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.77 | 41.47 | 41.46 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (5 എണ്ണം)** | | | | | | | | |
| 1 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 10.63 | 9.26 | 9.26 | 9.24 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 2 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | 9.4 | 9.4 | 9.36 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 3 | മട്ടന്നൂർ സ്റ്റേഡിയം | 5 | 4.23 | 4.12 | 4.07 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 4 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 6.65 | 5.634 | 5.62 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| 5 | പറളി സ്കൂൾ, പാലക്കാട് | 10 | 6.93 | 6.937 | 6.58 | | | ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| **സാങ്കേതികാനുമതി ലഭിക്കുവാനുള്ളവ(8 എണ്ണം)** | | | | | | | | |
| **ജില്ലാ സ്റ്റേഡിയം (2 എണ്ണം)** | | | | | | | | |
| 1 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 42.27 | 41.02 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 2 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 30.59 | 29.32 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | | | | | | |
| 1 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | 18.83 | 7.87 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 2 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 4.16 | 4.932 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 3 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി | 6.09 | 6.113 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | | | | | | ലഭിച്ചിട്ടുണ്ട് |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (3 എണ്ണം) | | | | | | | | |
| 1 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | 6.59 | 6.446 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 2 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | 6.54 | 13.1 | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| 3 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | 6.03 | | | | | 24.10.2018 ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട് |
| **കിഫ്ബി അംഗീകാരം ലഭിക്കുവാനുള്ള പദ്ധതികൾ (3 എണ്ണം)** | | | | | | | | |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം) | | | | | | | | |
| 1 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | 11.23 | | | | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് |
| 2 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | 5.5 | | | | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് |
| 3 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | 5 | 4.90 | | | | | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് |
| **പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള പദ്ധതികൾ (7 എണ്ണം)** | | | | | | | | |
| ജില്ലാ സ്റ്റേഡിയം (1 എണ്ണം) | | | | | | | | |
| 1 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുവാനുണ്ട്. |
| പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (2 എണ്ണം) | | | | | | | | |
| 1 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | | | | | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 2 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ സമഗ്രവികസനം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | | | | | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| ബജറ്റ് 2017-18 ലെ പദ്ധതികൾ (4 എണ്ണം) | | | | | | | | |
| 1 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | | | | | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 2 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | | | | | | |
| 3 | വടകര ഇൻഡോർ സ്റ്റേഡിയം. കോഴിക്കോട് | 10 | | | | | | |
| 4 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | | | | | | |
| **തടസ്സങ്ങൾ നേരിടുന്ന പദ്ധതികൾ(14 എണ്ണം)** | | | | | | | | |
| ജില്ലാ സ്റ്റേഡിയം (7 എണ്ണം) | | | | | | | | |
| 1 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട് എന്നാൽ മുനിസിപ്പാലിറ്റി ഉടമ്പടി കരാർ ഒപ്പു വച്ചിട്ടില്ല. |
| 2 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഇൻഡോർ സ്റ്റേഡിയം | | | | | | | കണ്ടെത്തിയിട്ടുണ്ട്. കിറ്റ്കോ സ്ഥലം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 3 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | | | | | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുകയാണ്. |
| 4 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | | | | | | | സ്ഥലം നെടുങ്കണ്ടം പഞ്ചായത്ത് ഏറ്റെടുത്ത് നല്കുന്ന മുറയ്ക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| 5 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | | | | | | | സ്ഥലം കണ്ടെത്തിയിട്ടില്ല. |
| 6 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 44.68 | 37.61 | | | | സ്ഥലം കണ്ടെത്തിയിട്ടില്ല. |
| 7 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | | | | | | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് തയ്യാറാക്കാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| | പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (6 എണ്ണം) | | | | | | | |
| 1 | കോതമംഗലം ചേലാട് സ്റ്റേഡിയം | | | | | | | കരാർ ഉടമ്പടി പഞ്ചായത്തിനും പോളീ ടെക്നിക്കിനും അയച്ചിട്ടുണ്ട് |
| 2 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 | | | | | | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| 3 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 | | | | | | സ്ഥലത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചുള്ള തർക്കം നിലനിൽക്കുന്നു |
| 4 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | | | | | | | സി. ആർ.ഇസഡ്. വിഷയം പഠിയ്ക്കാനായി കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| 5 | കൊറ്റൻകര മിനി സ്റ്റേഡിയം | | | | | | | പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തേണ്ടതുണ്ട് |
| 6 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | | | | | | | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാത്തതു കാരണം പദ്ധതി കരാറുകാരന് നൽകുവാൻ കഴിയുന്നില്ല |
| | ബജറ്റ് 2017-18 ലെ പദ്ധതികൾ (1 എണ്ണം) | | | | | | | |
| 1 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 20 | | | | | | കെട്ടിടത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് കിറ്റ്കോ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട് |